**Code No. 7027**

*For Scheme-I & Scheme-II Candidates*

**Second Year – March 2015**

Time : 2½ Hours
Cool-off time : 15 Minutes

Part – III

# SOCIOLOGY

Maximum : 80 Scores

***General Instructions to Candidates :***

- There is a 'cool-off time' of 15 minutes in addition to the writing time of 2½ hrs.
- You are not allowed to write your answers nor to discuss anything with others during the 'cool-off time'.
- Use the 'cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Electronic devices except non-programmable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. Classify the given Religions in appropriate columns.

Hinduism, Islam, Christianity, Buddhism, Jainism

| Originated in India | Originated in other countries |
|---|---|
| | |

**(Scores : 2)**

2. "Indus Valley Civilization was urban in nature."

(a) Indicate whether the statement is true.

(b) Substantiate your views. **(Scores : 1 + 2 = 3)**

3. "Traffic blocks are common scenes in the cities of Kerala."

(a) Why is it happening ?

(b) Analyse any three urban problems in Kerala. **(Scores : 2 + 3 = 5)**

4. Choose the appropriate sociological term for the following statements from the given list :

[Sanskritization, Westernization, Modernization, Industrialization]

(a) Imitation of way of life of upper caste by the lower caste.

(b) Wearing Coat and Suit.

(c) Use of cars, train, aeroplane instead of bullock carts.

(d) Habit of having fast food.

(e) Use of communication facilities such as mobile phone, internet, etc.

(f) Emergence of multinational companies.

(g) Shift from non-vegetarian to vegetarian.

(h) Strike by the labourers of a company. **(Scores : ½ × 8 = 4)**

1. നൽകിയിരിക്കുന്ന മതവിഭാഗങ്ങളെ അനുയോജ്യമായ കോളങ്ങളിൽ വിന്യസിക്കുക.

ഹിന്ദു മതം, ഇസ്ലാം മതം, ക്രിസ്തു മതം, ബുദ്ധ മതം, ജൈന മതം

| ഇന്ത്യയിൽ ആവിർഭവിച്ചവ | മറ്റു രാജ്യങ്ങളിൽ ആവിർഭവിച്ചവ |
|---|---|
| | |

**(സ്കോർസ് : 2)**

2. "സിന്ധു നദീതട സംസ്കാരം നാഗരിക സ്വഭാവമുള്ളതായിരുന്നു."
   (a) ഈ പ്രസ്താവന ശരിയാണോ ?
   (b) നിങ്ങളുടെ ഉത്തരത്തെ സാധൂകരിക്കുക. **(സ്കോർസ് : 1 + 2 = 3)**

3. കേരളത്തിലെ നഗരങ്ങളിൽ ട്രാഫിക് ബ്ലോക്കുകൾ സ്ഥിരം കാഴ്ചയാണ്.
   (a) എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത് ?
   (b) കേരളം നേരിടുന്ന ഏതെങ്കിലും മൂന്ന് നഗര പ്രശ്നങ്ങൾ വിശകലനം ചെയ്യുക.

**(സ്കോർസ് : 2 + 3 = 5)**

4. തന്നിരിക്കുന്ന പട്ടികയിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്ക് അനുയോജ്യമായ സമൂഹശാസ്ത്ര പദങ്ങൾ തെരഞ്ഞെടുക്കുക :

   [സാൻസ്ക്രിറ്റൈസേഷൻ, പാശ്ചാത്യവത്ക്കരണം, ആധുനികവത്ക്കരണം, വ്യവസായവത്ക്കരണം ]

   (a) ഉയർന്ന ജാതിക്കാരുടെ ജീവിത രീതികൾ താഴ്ന്ന ജാതിയിലുള്ളവർ അനുകരിക്കുന്നു.
   (b) കോട്ടും സൂട്ടും ധരിക്കുക.
   (c) കാളവണ്ടിക്ക് പകരം കാർ, ട്രെയിൻ, വിമാനം തുടങ്ങിയവ യാത്രയ്ക്ക് ഉപയോഗിക്കുന്നു.
   (d) ഫാസ്റ്റ് ഫുഡ് ശീലം.
   (e) വാർത്താവിനിമയത്തിനായി മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയവ ഉപയോഗിക്കുന്നു.
   (f) ബഹുരാഷ്ട്ര കമ്പനികളുടെ ആവിർഭാവം.
   (g) സസ്യേതര ആഹാരത്തിൽ നിന്നും സസ്യാഹാരത്തിലേയ്ക്കുള്ള മാറ്റം.
   (h) ഒരു കമ്പനിയിലെ തൊഴിലാളികളുടെ പണിമുടക്ക്. **(സ്കോർസ് : ½ × 8 = 4)**

5. Fill in the blanks :

| Leaders | Movements | Year of establishment |
|---|---|---|
| Raja Ram Mohan Roy | Brahma Samaj | ..................... |
| Swami Dayananda Saraswathi | ..................... | 1875 |
| ..................... | Servants of India Society | 1905 |

**(Scores : 3)**

6. A data collected from a village is given below :

| | |
|---|---|
| Number of Male | 600 |
| Number of Female | 400 |
| Total new-born child during the year | 300 |
| Number of mothers died during the year while giving birth | 15 |
| Number of children died after birth during the year | 30 |

From the table calculate :


(a) Sex ratio

(b) Birth rate

(c) Infant mortality rate

(d) Maternal mortality rate **(Scores : 1 + 1 + 1 + 1 = 4)**

7. Fill in the blanks :




**(Scores : 1 + 1 + 1 + 1 = 4)**

5. വിട്ടഭാഗം പൂരിപ്പിക്കുക.

| നേതാക്കൾ | പ്രസ്ഥാനം | സ്ഥാപിച്ച വർഷം |
|---|---|---|
| രാജാറാം മോഹൻ റായ് | ബ്രഹ്മ സമാജം | .................... |
| സ്വാമി ദയാനന്ദ സരസ്വതി | .................... | 1875 |
| .................... | സെർവന്റ്സ് ഓഫ് ഇന്ത്യ സൊസൈറ്റി | 1905 |

**(സ്കോർസ് : 3)**

6. ഒരു വില്ലേജിൽ നിന്നും ശേഖരിച്ച ഡാറ്റ താഴെ കൊടുത്തിരിക്കുന്നു :

| | |
|---|---|
| പുരുഷന്മാർ | 600 |
| സ്ത്രീകൾ | 400 |
| ആ വർഷത്തിൽ ജനിച്ച കുട്ടികളുടെ എണ്ണം | 300 |
| അതേ വർഷത്തിൽ പ്രസവത്തിനിടെ മരണപ്പെട്ട അമ്മമാർ | 15 |
| ജനനശേഷം ആ വർഷം മരണപ്പെട്ട കുട്ടികൾ | 30 |

പട്ടിക ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്നവ കണക്കാക്കുക.


(a) ലിംഗാനുപാതം

(b) ജനന നിരക്ക്

(c) ശിശു മരണ നിരക്ക്

(d) മാതൃ മരണ നിരക്ക് **(സ്കോർസ് : 1 + 1 + 1 + 1 = 4)**

7. വിട്ടഭാഗം പൂരിപ്പിക്കുക.




**(സ്കോർസ് : 1 + 1 + 1 + 1 = 4)**

8. "Caste sentiments reflected in election result."

(a) What is your reaction to the statement ?

(b) What are the functions of caste in politics ? **(Scores : 2 + 2 = 4)**

9. Ramu comes to school from his flat at the city and he lives with parents and sister. His friend Raju comes from a village and he lives with parents, grandparents, cousins with different generations.

(a) Identify the type of family to which Ramu and Raju belong.

(b) Compare the features of families of Ramu and Raju.

(c) Critically analyse the existence of Ramu's family. **(Scores : 1 + 3 + 2 = 6)**

10. Fill in the missing part.

| **Age** | **Characteristics** |
|---|---|
| Paleolithic | Beginning of clan communities |
| ........................................ | Use of finer and thinner tools |
| Neolithic | Well organized cultivation |
| ........................................ | Use of copper tools |

**(Scores : 1 + 1 = 2)**

11. (a) Which among the following features are associated with early Vedic Period ?

(i) Urban in nature (ii) Higher status of women

(iii) Monotheism (iv) Varna System

(b) Compare the features of early Vedic and later Vedic period.

**(Scores : 1 + 2 = 3)**

12. (a) Find the odd one out.

Negrito

Proto-Astroloid

Parsi

Mongoloid

(b) Justify your answer. **(Scores : 1 + 1 = 2)**

8. "തെരഞ്ഞെടുപ്പ് ഫലത്തിൽ ജാതിയ വികാരം പ്രതിഫലിച്ചു."

(a) ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണമെന്ത് ?

(b) രാഷ്ട്രീയ വ്യവസ്ഥിതിയിൽ ജാതിയുടെ ധർമ്മങ്ങൾ എന്തെല്ലാം ?

**(സ്കോർസ് : 2 + 2 = 4)**

9. അച്ഛനും അമ്മയും സഹോദരിയും മാത്രമുള്ള രാമു നഗരത്തിലെ ഫ്ളാറ്റിൽ നിന്നാണ് സ്കൂളിൽ വരുന്നത്. അവന്റെ സുഹൃത്തായ രാജു, അച്ഛനമ്മമാർ, മുത്തച്ഛൻ, മുത്തശ്ശി, കസിൻ തുടങ്ങി വിവിധ തലമുറകൾ ഒരുമിച്ച് താമസിക്കുന്ന ഗ്രാമത്തിലെ വീട്ടിൽ നിന്നാണ് വരുന്നത്.

(a) ഏതു തരം കുടുംബങ്ങളിലാണ് രാമുവും രാജുവും താമസിക്കുന്നത് ?

(b) രാമുവിന്റെയും രാജുവിന്റെയും കുടുംബങ്ങളുടെ സവിശേഷതകൾ താരതമ്യം ചെയ്യുക.

(c) രാമുവിന്റെ കുടുംബത്തിന്റെ നിലനില്പിനെ വിമർശനാത്മകമായി വിശകലനം ചെയ്യുക. **(സ്കോർസ് : 1 + 3 + 2 = 6)**

10. വിട്ടഭാഗം പൂരിപ്പിക്കുക.

| **കാലഘട്ടം** | **സവിശേഷതകൾ** |
|---|---|
| പാലിയോലിത്തിക് | ഗോത്ര സമൂഹങ്ങളുടെ ആവിർഭാവം |
| .............................. | മൂർച്ചയുള്ളതും കനം കുറഞ്ഞതുമായ ഉപകരണങ്ങൾ |
| നിയോലിത്തിക് | സുസംഘടിതമായ കൃഷി രീതി |
| .............................. | ചെമ്പുകൊണ്ട് നിർമ്മിതമായ ഉപകരണങ്ങൾ |

**(സ്കോർസ് : 1 + 1 = 2)**

11. (a) താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് ആദി വേദകാലവുമായി ബന്ധപ്പെട്ട സവിശേഷതകൾ തെരഞ്ഞെടുക്കുക.

(i) നഗര സ്വഭാവം (ii) സ്ത്രീകൾക്ക് ഉന്നത പദവി

(iii) ഏകദൈവ വിശ്വാസം (iv) വർണ്ണ സമ്പ്രദായം

(b) ആദി വേദകാലത്തെയും പിൽക്കാല വേദകാലത്തെയും സവിശേഷതകൾ താരതമ്യം ചെയ്യുക. **(സ്കോർസ് : 1 + 2 = 3)**

12. (a) കൂട്ടത്തിൽ പെടാത്തത് ഏതെന്ന് കണ്ടെത്തുക.

നിഗ്രിറ്റോ

പ്രോട്ടോ അസ്ത്രലോയ്ഡ്

പാർസി

മംഗളോയ്ഡ്

(b) നിങ്ങളുടെ ഉത്തരത്തെ സമർത്ഥിക്കുക. **(സ്കോർസ് : 1 + 1 = 2)**

13. Even though there are diversities, Indian culture is Unique.

Identify and explain the factors of unity.

**Hint :** Any two factors. **(Scores : 2)**

14. (a) Re-arrange the following in order :

Grihasthasrama

↓

Vanaprastha

↓

Brahmacharya


↓

Sanyasa

(b) Identify the characteristics of Brahmacharya Ashrama.

**(Scores : 1 + 1 = 2)**

15.




(a) Interpret the Pie-diagram and draw inferences.

(b) Explain the factors leading to urbanization in India. **(Scores : 2 + 3 = 5)**

16. "7 vacancies of teachers and 25658 applicants." This is a news heading in a daily.

(a) Identify the social problem implied in the news.

(b) Analyse the causes of this social problem. **(Scores : 1 + 3 = 4)**

13. വൈവിധ്യങ്ങളുണ്ടെങ്കിലും ഇന്ത്യൻ സംസ്കാരം തനിമയുള്ളതാണ്. ഇന്ത്യൻ സമൂഹത്തെ ഒന്നിപ്പിക്കുന്ന ഘടകങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

**സൂചന :** ഏതെങ്കിലും രണ്ട് ഘടകങ്ങൾ. **(സ്കോർസ് : 2)**


14. (a) താഴെ കൊടുത്തിരിക്കുന്നവയെ പുനഃക്രമീകരിക്കുക :

ഗൃഹസ്ഥാശ്രമം
↓
വാനപ്രസ്ഥം
↓
ബ്രഹ്മചര്യം
↓
സന്യാസം

(b) ബ്രഹ്മചര്യ ആശ്രമ സമ്പ്രദായത്തിന്റെ പ്രത്യേകതകൾ ഏതെല്ലാം ?

**(സ്കോർസ് : 1 + 1 = 2)**

15.




(a) പൈ ഡയഗ്രം നിരീക്ഷിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുക.

(b) ഇന്ത്യയിൽ നഗരവത്ക്കരണത്തിനുള്ള കാരണങ്ങളെന്തെല്ലാമെന്ന് വിശദമാക്കുക.

**(സ്കോർസ് : 2 + 3 = 5)**

16. "7 അധ്യാപക ഒഴിവുകൾ, 25658 അപേക്ഷകർ." ഒരു ദിനപ്പത്രത്തിലെ വാർത്തയുടെ തലക്കെട്ടാണിത്.

(a) ഈ വാർത്തയിലടങ്ങിയിരിക്കുന്ന സാമൂഹ്യ പ്രശ്നം കണ്ടെത്തുക.

(b) ഈ സാമൂഹ്യ പ്രശ്നത്തിനുള്ള കാരണങ്ങൾ വിശകലനം ചെയ്യുക.

**(സ്കോർസ് : 1 + 3 = 4)**

17. Women are performing a lot of social as well as biological roles in the home and outside. But, the roles in the home are largely underestimated.

(a) Differentiate gender and sex.

(b) Analyse the major problems faced by women in the present context.

**(Scores : 1 + 3 = 4)**

18. You are selected to deliver a speech on the Republic day of India, on "Hindrances to National Integration". Prepare an outline of your speech. (Any five points)

**(Scores : 1 + 1 + 1 + 1 + 1 = 5)**

19. You are the member of a team visited in a tribal area. Write a letter to the Chief Minister highlighting the problems suffered by tribal people of the area. Include your suggestions to improve the condition of tribals in the letter.

**Hints :**

(1) Social problems

(2) Economic problems

(3) Educational problems and cultural problems **(Scores : 2 + 2 + 2 = 6)**

20. British Education tried to spread English education to bring about a change in the outlook of the indigenous population.

(a) Critically analyse the impact of British education in India.

(b) Compare British education with that of present education system.

**(Scores : 2 + 2 = 4)**

21. Even though Government is spending Crores of Rupees for the welfare of Scheduled Tribes, they are facing many problems. Sometimes, they are organized and agitated to press their demands.

(a) Analyse the recent tribal movements in Kerala.

(b) Prepare a list of welfare programmes for their upliftment. **(Scores : 3 + 3 = 6)**

17. വീട്ടിലും പുറത്തുമായി സാമൂഹികവും ജീവശാസ്ത്രപരവുമായ നിരവധി കടമകൾ സ്ത്രീകൾ നിറവേറ്റുന്നുണ്ട്. എന്നാൽ വീട്ടിൽ ചെയ്യുന്ന കടമകൾ പലതും വിലകുറച്ച് കാണാറുണ്ട്.

(a) 'ജെൻഡർ', 'സെക്സ്' എന്നിവ തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം ?

(b) ആധുനിക കാലത്ത് സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളെ വിശകലനം ചെയ്യുക. **(സ്കോർസ് : 1 + 3 = 4)**

18. ഇന്ത്യയുടെ റിപ്പബ്ലിക് ദിനത്തിൽ 'ദേശിയോത്ഗ്രഥനം നേരിടുന്ന പ്രതിബന്ധങ്ങൾ' എന്ന വിഷയത്തിൽ നിങ്ങളോട് പ്രസംഗിക്കാനാവശ്യപ്പെട്ടു എന്നു കരുതുക. നിങ്ങളുടെ പ്രസംഗത്തിന്റെ ഒരു ചുരുക്കം തയ്യാറാക്കുക. (ഏതെങ്കിലും 5 പോയിന്റുകൾ).

**(സ്കോർസ് : 1 + 1 + 1 + 1 + 1 = 5)**

19. ഒരു ആദിവാസി മേഖല സന്ദർശിച്ച ടീമിൽ നിങ്ങൾ അംഗമായിരുന്നു എന്നു കരുതുക. ആ പ്രദേശത്തെ ആദിവാസികളുടെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും നിർദ്ദേശിച്ച് മുഖ്യമന്ത്രിക്കൊരു കത്ത് തയ്യാറാക്കുക.

**സൂചനകൾ :**

(1) സാമൂഹ്യ പ്രശ്നങ്ങൾ

(2) സാമ്പത്തിക പ്രശ്നങ്ങൾ

(3) സാംസ്കാരിക പ്രശ്നങ്ങൾ **(സ്കോർസ് : 2 + 2 + 2 = 6)**

20. തദ്ദേശീയരുടെ കാഴ്ചപ്പാട് മാറ്റുക എന്ന ഉദ്ദേശത്തോടെയാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കിയത്.

(a) ഇന്ത്യയിൽ ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ സ്വാധീനം വിമർശനാത്മകമായി വിശകലനം ചെയ്യുക.

(b) ബ്രിട്ടീഷ് വിദ്യാഭ്യാസത്തെ നിലവിലെ വിദ്യാഭ്യാസ രീതിയുമായി താരതമ്യം ചെയ്യുക. **(സ്കോർസ് : 2 + 2 = 4)**

21. പട്ടികവർഗ്ഗങ്ങളുടെ ക്ഷേമത്തിനായി സർക്കാർ കോടികൾ ചെലവഴിക്കുന്നുണ്ടെങ്കിലും അവർ ഇപ്പോഴും നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പലപ്പോഴും അവർ സംഘടിക്കുകയും സമരം ചെയ്യുകയും ചെയ്യുന്നു.

(a) അടുത്ത കാലത്ത് കേരളത്തിൽ നടന്ന ആദിവാസി മുന്നേറ്റങ്ങളെ വിശകലനം ചെയ്യുക.

(b) ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ ഒരു പട്ടിക തയ്യാറാക്കുക. **(സ്കോർസ് : 3 + 3 = 6)**